# ST. MARY'S HIGH SCHOOL NIRANAM

## Academic Master Plan




സമർപ്പണം 2025 ആഗസ്റ്റ് 18

| | | |
|---|---|---|
| Name of School | : | **St. Mary’s High School, Niranam** |
| Address | : | **St. Mary’s High School,**<br>**Niranam P.O.,**<br>**Thiruvalla-689621** |
| School Code | : | **37031** |
| Name of HM | : | **Susan K. Mathew** |
| Mobile No. | : | **9947827430** |
| Educational District | : | **Pathanamthitta** |
| BRC | : | **Thiruvalla** |
| Email | : | **stmaryshsniranam2018@gmail.com** |

# ആമുഖം

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ലഭിക്കുവാൻ 24.05.2025 ൽ കൂടിയ എസ്.ആർ.ജി.മീറ്റിങ്ങിൽ അക്കാദമിക മാസ്റ്റർ പ്ലാനിനെപ്പറ്റി ചർച്ച ചെയ്തു. സെന്റ് മേരീസ് ഹൈസ്കൂളിനേയും മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള ഭാഗാമായയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത് . ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : യു.പി.മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയം സംവേദനം വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | കുട്ടികൾ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, യാത്രാനുഭവം വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. അക്ഷരശുദ്ധി ആസ്വാദനം വളർത്തുന്നു. അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചുള്ള പദങ്ങളുടെയും വാക്യങ്ങളിലൂടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| 2. പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | പത്രം, മാസികകൾ, ആഴ്ചപതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | |
| 3. സാഹിത്യകൃതിയോടും സാഹിത്യ കാരോടുമുള്ള മനോഭാവം വളർത്തുക | എഴുത്തുകാർ, കലാകാരന്മാർ, സാഹിത്യകാരന്മാർ എന്നിവരു മായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അദ്ധ്യാപകർ | പി.ടി.എ. |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കൽ | മുഴുവൻ കുട്ടികളെയും, മലയാളം കമ്പ്യൂട്ടറിംഗ് പരിശിശീലിപ്പി ക്കുന്നു. അവരുടെ കഴിവുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം | മലയാളം , ഐ.ടി അദ്ധ്യാപകർ | പി.ടി.എ. |
| 5. പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കുന്നു | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ലഘു നാടകങ്ങൾ, സ്കിറ്റുകൾ എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ. സ്കൂൾ | പി.ടി.എ. |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : യു.പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭംഗിയായി ഇംഗ്ലീഷ് ശ്രമവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear : ലളിതവും സരസവുമായി ഇംഗ്ലീഷ് റെക്കാർഡ് ചെയ്തു കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you can : ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | Breaking News : ഇംഗ്ലീഷിൽ റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | Missing Man : ടീച്ചറും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് ടീച്ചറുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. ടീച്ചറുടെ സംഭാഷണം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | Treasure Hunt : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner : തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br>One man show : ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | വർഷത്തിൽ ഒരു തവണ<br>ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 2. ഭാവനാത്മക വായന പരിശീലിക്കുന്നു | I Too can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് )<br>Learning Ladder : പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറെ വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>F M Corner : വ്യത്യസ്തമായ കഥകൾ Readers Theatre, റേഡിയോ ഗ്രാമരൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br>Reader of the month : ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | ജൂലൈ<br>സെപ്റ്റംബർ<br>ഡേമിൽ<br>ഒരു തവണ<br>മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ, മിനി ഡിഷ്നറി എന്നിവ തയ്യാറാക്കുക.<br>Alert Zone : സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | വർഷാവസാനം<br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അദ്ധ്യാപകർ<br>ഇംഗ്ലീഷ് അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Run Baby run : ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്കു തെറ്റു കൂടാതെ എഴുതുന്നു.ഏറ്റവും ആദ്യം വാക്കുകൾ തെറ്റുകൂടാതെഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fun time Funda : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | ഫെബ്രുവരി<br><br>എല്ലാ ഇംഗ്ലീഷ് പീരീഡും | ഇംഗ്ലീഷ് അദ്ധ്യാപകർ<br><br>ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Ground Camp: ഇംഗ്ലീഷ് പ്രാവണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാംക്ലാസ്സിനായി കഥപറയൽ, കഥയെഴുത്ത്, ആറിന് റോൾ പ്ലേ നാടകം എന്നിവ പ്രച്ഛന്നവേഷമായി<br>എഴാംക്ലാസ്സിന് കവിത, പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിംഷോ | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപകർ | |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : ഗണിതശാസ്ത്രം (യു.പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിലുള്ള പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടികുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അദ്ധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷി കൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകനും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് പി.ടി.എ. |
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവണ്യമുള്ള അദ്ധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുമ്പോൾ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ | ഗണിത അദ്ധ്യാപകർ ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. ആധുനിക ശാസ്ത്രാ സാങ്കേതിക വിദ്യാ സാധ്യതകകൾ ഗണിത പഠനത്തിനായി പ്രയോജന പ്പെടുത്തുന്നു | **ഐ.റ്റി സാധ്യതകളിലൂടെ**<br>ജ്യാമതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിൽ എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അദ്ധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനു സരണം | എസ്.ആർ.ജി. | |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കുക | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 2. പഠിതാവിനെ ചരിത്രബോധമുള്ള വരാക്കി മാറ്റിയെടുക്കുക | ഐ.സി.റ്റി. ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളെ ചരിത്രവാബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ. |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 4. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെടാൻ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട ഡെമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവരെ സന്ദർശിച്ച് അവരാൽ കഴിയുന്ന സഹായം ചെയ്യാനും മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച പണം ഉപയോഗിച്ച് അവർക്ക് വേണ്ട സഹായം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ. |
| 6. വിവിര സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | എസ്.എസ്. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |

# സെൻ്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : സയൻസ് (യു.പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി** - ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, കുളം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | പി.റ്റി.എ. |
| | **കണ്ടറിയാനൊരു യാത്ര** - വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | അദ്ധ്യാപകർ |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്** - ഊർജ്ജക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരംയ | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | **എക്സ്പ്ലോ–എക്സ്പ്ലോർ** - ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **എക്സ്പ്ലോ–എക്സ്പ്ലോർ** - ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | **ശാസ്ത്ര വിസ്മയ ചുമർ**– ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ<br><br>**മുഖാമുഖം** – ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം<br><br>**യൂറേക്കാ** – കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അദ്ധ്യാപ കർ | പി.റ്റി.എ. സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അദ്ധ്യാപകർ |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര** – ഐ.സി.റ്റി.യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | ശാസ്ത്ര അദ്ധ്യാപകർ സയൻസ് ക്ലബ്ബ് |
| 4. പ്രതിഭാ ശാലികളായ വിദ്യാർത്ഥികൾക്ക് ഗവേഷണ........... വർദ്ധിപ്പിക്കൽ | Atal Tinkering Laboratory – പ്രയോജനപ്പെടുത്ത് പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽകരണം മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഐ.സി.റ്റി. പരിശീലനം നേടിയ അധ്യാപകർ | |
| 2. നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി. ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു | അക്കാദമിക വർഷം | ഐ.ടി അദ്ധ്യാപകർ | |
| 3. സ്മാർട്ട് ക്ലാസ്റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഐ.സി.റ്റി ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാകുന്നു | അക്കാദമിക വർഷം | ഐ.ടി അദ്ധ്യാപകർ | |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : മലയാളം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 4 മാസം | പുസ്തകങ്ങൾ | അദ്ധ്യാപകർ |
| 2. കുട്ടിയെ വായനയിൽ തൽപരനാക്കുക | സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>ദിനാചരണങ്ങൾ, പത്രവായന, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനകുറിപ്പ് തയ്യാറാക്കൽ, പുസ്തക ചർച്ച | 3 മാസം | സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പി.ടി.എ<br>അദ്ധ്യാപകർ |
| 3. സദസിനെ അഭിമുഖീകരിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 3 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | അദ്ധ്യാപകർ |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : English (HS)

| Aim | Activities | Time | Responsibilities | Finance |
|---|---|---|---|---|
| Make the learners confident enough to communicate in English | English Assembly, English Corner<br>Make the learners communicate in English | Assembly time Break time | Teachers | |
| Give the learners opportunity for performance in English | Role play, seminar, conversatiom, Debate | Along with Classroom activities | Teachers | PTA |
| Creative reading and writing | Public speaking, English news reading, My diary | Throughout the aca-demic year | Teachers | |
| Provide learners with opportuni-ties to write and recite English poems | Listen to English audio clips, recitation of Englisgh poems, Poem writing competition, review writing | Along with Classroom activities Free Periods English Club | Teachers | |
| Conduct Debates<br>Learners will be able to conduct debates in English | Conducting debates on current social issues in English | Twice in an academic year | Teachers | |
| Dramatization | Skit, role play | During Interval and English Club | Teacher and English club members | School Management |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : അക്കാദമികം (ഹിന്ദി)

### പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ഹിന്ദിഭാഷ എഴുതാനും, വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
പഠന നേട്ടങ്ങൾ ഓരോ യൂണിറ്റിലേക്കും ഉറപ്പാക്കുക.
ഹിന്ദി ഭാഷാ പഠനം രസതരമാക്കുന്നതിന്റെ ഭാഗമായി ഹിന്ദിഭാഷയിൽ സംസാരിക്കുനുള്ള കഴിവും വളർത്തിയെടുക്കുക.
ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.
അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നീ തലത്തിലേക്ക് വായനാക്കാർഡുകൾ നിർമ്മിക്കാൻ കുട്ടികളെ സജ്ജരാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഹിന്ദി വായന | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പഠിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരമാല കാർഡ് നൽകുന്നു. ഓഡിയോ സഹായത്തോടെ ഉച്ഛാരണം പരിചയപ്പെടുത്തുന്നു. കാർഡുകളിൽ പൂക്കൾ, നിറങ്ങൾ, പക്ഷികൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കുക. ബാലഗീതങ്ങൾ, കവിതകൾ, ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണം കേട്ടെഴുത്ത്, പദസൂര്യൻ എന്നിവ നൽകുന്നു. | ജൂൺ - മാർച്ച് | പുസ്തകങ്ങൾ വായന കാർഡുകൾ പ്രസിദ്ധീകരണങ്ങൾ | അദ്ധ്യാപകർ പിടിഎ. | |
| ഹിന്ദി എഴുത്ത് | കോപ്പി ബുക്ക് ഉപയോഗിച്ച് അക്ഷരമാല മുതൽ പുസ്തകങ്ങളിൽ നിന്നുള്ള വരികൾ വരെ എഴുതുക, ചുവർ പത്രിക പ്രദർശനം, ക്ലാസ്സ് മാസികകളുടെ നിർമ്മാണം | ജൂൺ - മാർച്ച് | കോപ്പി ബുക്ക് പുസ്തകങ്ങൾ | അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഹിന്ദി ആസ്വാദനം | അവതരണ വേദികൾ ഒരുക്കുന്നു, ഹിന്ദി കവിതകൾ, കഥകൾ, പ്രസംഗം മുതലായവ അവതരിപ്പിക്കാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും സന്നിഹിതരായിരിക്കുന്ന വേദി ഒരുക്കുക. | ജൂൺ - മാർച്ച് | പുസ്തക ങ്ങൾ | അദ്ധ്യാപകർ | |
| ഹിന്ദി അസംബ്ലി | ഹിന്ദി മാധ്യമത്തിൽ അസംബ്ലി<br>അസംബ്ലി നടത്താനുള്ള അവസരം ലഭ്യമാക്കുക | ജൂൺ - മാർച്ച് | | അദ്ധ്യാപകർ | |
| ഹിന്ദി മത്സരങ്ങൾ | ഹിന്ദി വായിക്കാനും, എഴുതാനും, പറയാനും, മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി കഥാരചന, കവിത രചന, പ്രസംഗം, കവിതാപാരായണം തുടങ്ങിയ മത്സരങ്ങൾ നടത്തുക | ജൂൺ - മാർച്ച് | പുസ്തക ങ്ങൾ | അദ്ധ്യാപകർ | |
| ദിനാചരണങ്ങൾ | പരിസ്ഥിതി ദിനം, ഹിന്ദി ദിനം, സ്വാതന്ത്ര്യ ദിനം എന്നിങ്ങനെ പ്രാധാന്യം അർഹിക്കുന്ന ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. അന്നേ ദിവസം നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക | ജൂൺ - മാർച്ച് | ചാർട്ട് കളം | അദ്ധ്യാപകർ | |
| സാഹിത്യക്യാമ്പ് | ഹിന്ദി ഭാഷാ സാഹിത്യ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് കുട്ടികളുടെ കൂട്ടായ്മ രൂപീകരിക്കുക. | ജൂൺ - മാർച്ച് | | അദ്ധ്യാപകർ | |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : ഗണിതശാസ്ത്രം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങൾ ബോധിപ്പിക്കുക | നിത്യജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ വിശകലനം ചെയ്യുന്ന ചർച്ചകൾ സ്കൂൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുന്നു. ഗണിതപാട്ട്, ഗണിത നാടകം മുതലായവ ആവിഷ്കരിക്കുന്നു. | ജൂൺ- ഡിസംബർ | ഗണിത അദ്ധ്യാപകർ | സ്കൂൾ തലം |
| 2. ഗണിത ധ്യാനത്തിലൂടെ കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കുക | കണ്ണടച്ചിരുന്ന് ഒരു നിശ്ചിത സംഖ്യയിൽ നിന്ന് താഴേക്ക് എണ്ണുക | ജൂൺ- ജൂലൈ | ഗണിത അദ്ധ്യാപകർ | |
| 3. കളികളിലൂടെ ഗണിതത്തിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക | കളികളിലൂടെ ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു. ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ ഉൾപ്പെടുന്ന ചതുഷ്ക്രിയകൾ ഗ്രൂപ്പ് തിരിച്ച് | ജൂൺ- ആഗസ്റ്റ് | ഗ്രൂപ്പ് ലീഡർമാർ ഗണിത ക്ലബ്ബ് | സ്കൂൾ തലം |
| 4. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഗണിത അളവുകൾ കണ്ടെത്തുക | വിവിധ കളികോർട്ടുകളുടെ അളവുകൾ കാണുക (വോളിബോൾ കോർട്ട്, ബാഡ്മിന്റൻ കോർട്ട്)<br>സ്കൂൾ കെട്ടിടത്തിന്റെ ഉയരം, ചരിവ് കാണുക<br>വീടിന്റെ മുറികളുടെ അളവുകൾ കാണുക | ജൂൺ- ഡിസംബർ | ഗണിത അദ്ധ്യാപകർ<br>കായിക അദ്ധ്യാപകർ | പിടിഎ<br>സ്കൂൾ മാനേജ്മെന്റ് |
| 5. വിവിധ ഗണിത രൂപങ്ങൾ കുട്ടികൾ തന്നെ ഉണ്ടാക്കി ഗണിത ആശയങ്ങൾ ഉറപ്പിക്കുക | ത്രിമാന രൂപങ്ങൾ നിർമ്മിക്കുകയും അവയുടെ പരപ്പളവ്, വ്യാപ്തം എന്നിവ അളന്ന് കണ്ടുപിടിക്കാനും സമവാക്യങ്ങൾ മനസ്സിലാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.<br>പുസ്തകത്തിലെ ചിത്രങ്ങളുടെ മാതൃകകൾ നിർമ്മിച്ച് അവ മടക്കി ജ്യാമിതീയ സാധ്യത എന്ന ആശയം ഉറപ്പിക്കുന്നു. | ഒക്ടോബർ- ഡിസംബർ | അദ്ധ്യാപകർ<br>ഗണിത ക്ലബ്ബ് | സ്കൂൾ തലം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. ജ്യാമിതീയ തത്വങ്ങൾ ഉറപ്പിക്കുക | ചുറ്റുപാടുകളിൽ നിന്നുള്ള ഉദാഹരണങ്ങളിലൂടെയും വിവിധ രൂപങ്ങൾ പ്രദർശിപ്പിച്ചും ജിയോജിബ്ര ഉപയോഗിച്ചും | ജൂൺ- ഡിസംബർ | അദ്ധ്യാപകർ ഐ.സി.റ്റി. അദ്ധ്യാപകർ | സ്കൂൾ തലം |
| 7. ഗണിതശാസ്ത്ര മേളകളിൽ സജീവരാകുക | പൈ ദിനവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>മേളയിൽ വിവിധ ഇനങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>ജോമെട്രിക് ചാർട്ടുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ- ഒക്ടോബർ | ഗണിത ക്ലബ്ബ് അദ്ധ്യാപകർ | പിടിഎ സ്കൂൾ മാനേജ്മെന്റ് |
| 8. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>മാത്സ് ക്ലിനിക്ക് , ഗണിത ലാബ്<br>ഗ്രൂപ്പുകൾ തിരിച്ച് പരിഹാര ബോധന ക്ലാസ്സുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് പാചകം, നിർമ്മാണ മേഖലകൾ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന അംശബന്ധം, ശതമാനം, അളവുകൾ തുടങ്ങിയവ മനസ്സിലാക്കുന്നു. | അദ്ധ്യായന വർഷത്തിൽ ഉടനീളം | ഗണിത അദ്ധ്യാപകർ | സ്കൂൾ തലം |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : രസതന്ത്രം, ഊർജ്ജ തന്ത്രം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം . പരീക്ഷണങ്ങൾ പ്രദർശിപ്പിക്കൽ<br>2. സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പിടിഎ |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്വം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പിടിഎ |
| 3. ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് , കെമസ്ട്രി വിഷയങ്ങളുമായി ബന്ധപ്പെട്ടഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജീകരിക്കൽ | 1 വർഷത്തിൽ 1 മാസം | സയൻസ് ടീച്ചർ | |
| 4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ- കുട്ടി, കുട്ടി- കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | സയൻസ് ടീച്ചർ | |
| 5. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവിരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പിടിഎ |
| 5. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി കൊണ്ടുവരുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പിടിഎ<br>മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 8. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന, ജില്ലാ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് രക്ഷിതാക്കൾ | |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : ജീവശാസ്ത്രം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠനം പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ - കുട്ടി, കുട്ടി- കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | സയൻസ് അദ്ധ്യാപകർ | |
| 2. ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുക | സ്കൂളിൽ ഔഷധ സസ്യത്തോട്ടം നിർമ്മിക്കുക | 6 മാസം | സയൻസ് അദ്ധ്യാപകർ | പിടിഎ |
| 3. ശാസ്ത്രമാസിക ശാസ്ത്രപതിപ്പ് | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ ഇവ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കുക | 3 മാസം | എസ്.ആർ.ജി. സയൻസ് അദ്ധ്യാപകർ | |
| 4. ചോദ്യപേപ്പർ നിർമ്മാണം (ശില്പശാല ) | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ചോദ്യപേപ്പർ നിർമ്മിക്കുക അവ മറ്റ് കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക | 3 മാസം | സയൻസ് ടീച്ചർ | സയൻസ് ടീച്ചർ |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട് മോഡൽ നിർമ്മാണം | 2 മാസം | സയൻസ് ടീച്ചർ | പിടിഎ |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

മേഖല : സാമൂഹ്യശാസ്ത്രം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രപഠനം കാര്യക്ഷമമാക്കൽ പരീക്ഷണ, നിരീക്ഷണങ്ങൾ സാധ്യമാക്കുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. അധിക വായനക്കായി ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. പഠനഭാഗവുമായി ബന്ധപ്പെട്ട കുട്ടികളുടെ പ്രവർത്തനങ്ങൾ സാമൂഹ്യ ശാസ്ത്ര ലാബിൽ ഉൾപ്പെടുത്തിക്കൊണ്ട് കണ്ടും അറിഞ്ഞും പഠിക്കുന്നതിന് അവസരം ഒരുക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ എസ്.എസ്. ക്ലബ്ബ് | സ്കൂൾ മാനേജ്മെന്റ് |
| 2. ജനാധിപത്യം, മതേതരത്വം, പൗരബോധം എന്നിവ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം, മതേതര മൂല്യങ്ങൾ സംരക്ഷിക്കുക എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. (ചർച്ച, അഭിമുഖങ്ങൾ) | അക്കദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ എസ്.എസ്. ക്ലബ്ബ് | സ്കൂൾ തലം എസ്.എസ്. ക്ലബ്ബ് |
| 3. ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്തുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. കേരളം ഇന്ത്യ ലോക ഭൂപടങ്ങൾ, അറ്റ്ലസുകൾ എന്നിവ പരിചയപ്പെടുത്തുന്നു. അക്ഷാംശരേഖാംശരേഖകൾ തിരിച്ചറിഞ്ഞ് സ്ഥാനനിർണ്ണയം നടത്താൻ സഹായിക്കുന്നു | അക്കദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ എസ്.എസ്. ക്ലബ്ബ് | സ്കൂൾ തലം എസ്.എസ്. ക്ലബ്ബ് |
| 4. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, ക്ഷേത്രകലകൾ, ശില്പങ്ങൾ എന്നിവയുടെ ചിത്രപ്രദർശനം, ചിത്രശേഖരണം, ഫീൽഡു ട്രിപ്പുകൾ നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ (ജനുവരി) | എസ്.എസ്. അദ്ധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| 5. ഉന്നതനിലവാരം കൈവരിക്കൽ പൊതുവിജ്ഞാനം വളർത്തുക | വിവിധ ദിനാചരണങ്ങളുടെ ഭാഗമായി സോഷ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നു. മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ ശേഖരിക്കുന്നു. | പ്രത്യേക ദിവസങ്ങളിൽ | എസ്.എസ്. ക്ലബ്ബ് അദ്ധ്യാപകർ | എസ്.എസ്. ക്ലബ്ബ് സ്കൂൾതലം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. സാമൂഹ്യപരിഷ്കർത്താക്കളെയും, സ്വാതന്ത്ര്യ സമരസേനാനികളെയും പരിചയപ്പെടുന്നു | സാമൂഹ്യപരിഷ്കർത്താക്കളെയും, സ്വാതന്ത്ര്യ സമര സേനാനികളെയും കുറിച്ചുള്ള ഡോക്യുമെന്ററികൾ കാണിക്കുന്നു. ചിത്രശേഖരരണം നടത്തുന്നു. ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. | പ്രത്യേക ദിവസങ്ങളിൽ | എസ്.എസ്. ക്ലബ്ബ് അദ്ധ്യാപകർ | സ്കൂൾ തലം എസ്.എസ്. അദ്ധ്യാപകർ |
| 7. ആനുകാലിക വിജ്ഞാനം വർദ്ധിപ്പിക്കൽ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പ്രസംഗങ്ങൾ ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. ക്ലാസ്സുകളിൽ ന്യൂസ് പേപ്പർ നൽകി കൊണ്ട് പ്രധാന സംഭവങ്ങൾ -വാർത്തകൾ തയ്യാറാക്കുന്നു. എസ്.എസ്. ക്ലബ്ബിന്റെ യോഗങ്ങളിൽ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | എസ്.എസ്. ക്ലബ്ബ് ക്ലാസ്സ് ലീഡർ എസ്.എസ്. അദ്ധ്യാപകൻ | സ്പോൺസർഷിപ്പ് |
| 8. പ്രാദേശിക ചരിത്ര അവബോധം സൃഷ്ടിക്കുക | പ്രദേശത്തിന്റെ പ്രത്യേകതകൾ, പ്രാധാന്യം എന്നിവ മനസിലാക്കുന്നതിനായി പ്രാദേശിക ചരിത്ര രചന നടത്തുന്നു. അഭിമുഖം, കണ്ടെത്തലുകൾ, ചിത്രങ്ങൾ എന്നിവയിലൂടെ പ്രദേശത്തിന്റെ ചരിത്രം എഴുതുന്നു. | ഒക്ടോബർ നവംബർ | എസ്.എസ്. അദ്ധ്യാപകർ | എസ്.എസ്. ക്ലബ്ബ് & ടീച്ചേഴ്സ് |
| 9. ഉൾച്ചേർന്ന വിദ്യാഭ്യാസം (WSN) കുട്ടികളെ പഠനത്തിൽ പങ്കാളികളാക്കുക | ആശയങ്ങൾ ചിത്രങ്ങളിലൂടെയും, ലഘുവായ പ്രവർത്തനങ്ങളിലൂടെയും നൽകുന്നു. എസ്.എസ്. ലാബിൽ കുട്ടികളുടെ ഉത്പന്നങ്ങൾ, ചിത്രങ്ങൾ, ഭൂപടങ്ങൾ എന്നിവ ക്രമീകരിക്കൽ, നിരീക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം | എസ്.എസ്. അദ്ധ്യാപകർ | സ്കൂൾ തലം എസ്.എസ്. ക്ലബ്ബ് & ടീച്ചേഴ്സ് |
| 10. പ്രകൃതി ദുരന്തങ്ങൾ, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട പൊതു നടപടികൾ വിശദീകരണം. അവയെ സംബന്ധിച്ച വീഡിയോ പ്രദർശനം മുൻ കരുതലുകൾ, ചർച്ച | ജൂലൈ ഓഗസ്റ്റ് മാസം | എസ്.എസ്. ക്ലബ്ബ് എസ്.എസ്. അദ്ധ്യാപകർ | സ്കൂൾ മാനേജ്മെന്റ് |

**Health & Physical Education**
**Year Plan 2025- 2026**

| | |
|---|---|
| June | Health Education<br>Maintaining health through excercises<br>Importance of achieving health in a daily life |
| July | Physical Fitness Programme<br>With the help of minor gang<br>Basic skills for various games |
| August | School Sports & Team selection<br>Conducting school Athletic meet on First week and select the Athletes for attending the sub district sports meet |
| September | Team practice<br>Team practice for various games<br>Sports for sub district games competition |
| October | District level competition<br>Participate the selected player in the various district level competitions |
| November | State Meet<br>Participate in the state level competition if any of our Athletes qualify for the same |
| December | Sports & Social Health<br>Through sports activities how can we achieve the good social health |
| January | Importance of health<br>Learn the importance of health |
| February | Drugs<br>Through various sports activities engage the students in various sports activity and understand them about the bad effects of drugs |

# സെന്റ് മേരീസ് H.S.S നിരണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : കലാവിദ്യാഭ്യാസം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വരയ്ക്കാൻ അറിയാത്ത കുട്ടികൾക്ക് നിരന്തര പരിശീലനം | എല്ലാ ക്ലാസ്സിലും ഹോം വർക്കായും വരയ്ക്കാനുള്ള വിഷയങ്ങൾ നൽകി പരിശീലിപ്പിക്കുന്നു | അക്കാദമിക വർഷം | കലാ അദ്ധ്യാപകർ | പിടിഎ സ്പോൺസർ |
| 2. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ | മൂല്യങ്ങളുള്ള ലോകോത്തര ചിത്രങ്ങൾ കണ്ടെത്തി കുട്ടികൾക്ക് പ്രദർശിപ്പിച്ച് ഈ മേഖലയിള്ള താത്പര്യം വർദ്ധിപ്പിക്കുന്നു | അക്കദമിക വർഷം | കലാ അദ്ധ്യാപകർ | പിടിഎ സ്പോൺസർ |
| 3. ആർട്ട് എക്സിബിഷൻ | കുട്ടികളുടെ സ്വന്തം കഴിവുകൾ പ്രദർശിപ്പിച്ച് അവരിൽ ആത്മ വിശ്വാസം വളർത്തിയെടുക്കുന്നു | അക്കദമിക വർഷം | കലാ അദ്ധ്യാപകർ | പിടിഎ സ്പോൺസർ |
| 4. ആർട്ട് ബിനാലെ | സാമൂഹ്യ പ്രതിബന്ധതയുള്ള കലാകാരന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ സ്കൂളിലെ കുട്ടികളുടെയും പുറമേ നിന്നുള്ള ചിത്രകാരന്മാരുടേയും ചിത്രങ്ങൾ ഉൾപ്പെടുത്തി പുറത്തു നിന്നുള്ള എല്ലാവർക്കും കാണുവാനുള്ള അവസരം ഒരുക്കുന്നു | അക്കദമിക വർഷം | കലാ അദ്ധ്യാപകർ | പിടിഎ സ്പോൺസർ |
| 5. പാവപ്പെട്ട കുട്ടികൾക്കുള്ള ചിത്രരചന സാമഗ്രികൾ വിതരണം ചെയ്യൽ | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുകൊണ്ട് ഈ മേഖലയിലേക്ക് വരാൻ സാധിക്കാത്ത കുട്ടികൾക്കുള്ള പ്രോത്സാഹനം കൊടുക്കുന്നു. | അക്കദമിക വർഷം | കലാ അദ്ധ്യാപകർ | പിടിഎ സ്പോൺസർ |